**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5793** **08-07-2024 - ൽ മറുപടിയ്ക്ക്**

**വിതരണക്കാർക്ക് സപ്ലൈകോ നൽകാനുള്ള കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സപ്ലൈകോയിൽ സാധനങ്ങൾ നൽകിയ വിതരണക്കാർക്ക് എന്തു തുകയാണ് പ്രതിഫലമായി നൽകാനുള്ളത്; എത്ര നാളത്തെ കുടിശികയാണ് നൽകാനുള്ളത്; എത്ര വിതരണക്കാരാണ് പട്ടികയിലുള്ളത്; ഇവരുടെ പട്ടികയും കൊടുക്കാനുള്ള തുകയും എന്നു മുതൽ എന്നുവരെയുള്ള കുടിശിക എന്നതും മേയ് 31 അടിസ്ഥാനമാക്കി പ്രസിദ്ധപ്പെടുത്താമോ; | (എ) | സപ്ലൈകോയിൽ സാധനങ്ങൾ നൽകിയ വിതരണക്കാർക്ക് 31.05.2024 തീയതി പ്രകാരം 508.96 കോടി രൂപയാണ് പ്രതിഫലമായി നൽകാനുള്ളത്. ജൂലൈ 2023 മുതൽക്കുള്ള കുടിശ്ശികയാണ് നൽകാനുള്ളത്. 160 വിതരണക്കാരാണ് പട്ടികയിലുള്ളത്.<br><br>വിതരണക്കാർക്ക് നൽകേണ്ട കുടിശ്ശിക ഉൾപ്പെടെയുള്ള സപ്ലൈകോയുടെ വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. എന്നാൽ സപ്ലൈകോയിൽ Enterprise Resource Planning for Supplyco- ERP നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി WEBSITE MODERNISATION & MODIFICATION നടക്കുന്നതിനാൽ വിതരണക്കാരിൽ നിന്നും സാധനങ്ങൾ Purchase ചെയ്യുന്നത് സംബന്ധിച്ചുള്ള Tender, Rate, Pricing, Distribution, Payment details എന്നിവയെല്ലാം ERP യിൽ ഉൾപ്പെടുത്തുന്നതിനും വിതരണക്കാർക്ക് access ചെയ്യുന്നതിനുള്ള link ക്രമീകരണങ്ങൾ ചെയ്യുന്നതിനും, ഡയറക്ടർ ബോർഡിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിരിക്കുന്നതിനാലുമാണ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നത് താൽക്കാലികമായി നിർത്തിവച്ചിട്ടുള്ളത്. |
| (ബി) | വിതരണക്കാർക്ക് നൽകേണ്ട കുടിശിക ഉൾപ്പെടെ സപ്ലൈകോയുടെ വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നത് നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ? | (ബി) | ഖണ്ഡം (A) യിൽ കണ്ടാലും |

സെക്ഷൻ ഓഫീസർ